**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **28-07-2021 - ൽ മറുപടിയ്ക്ക്**

**വനിതകളുടെ സുരക്ഷിതത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്ത്രീധനപീഡനകേസ്സുകൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ല എന്ന സർക്കാർ കരുതുന്നുണ്ടോ; | (എ) | ഉണ്ട്. സ്ത്രീധനപീഡനകേസ്സുകൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 1961ലെ സ്ത്രീധന നിരോധന നിയമം പര്യാപ്തമല്ലായെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് നിയമത്തിലെ അപാകതകൾ പരിശോധിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കുമോ; | (ബി) | ഉണ്ട്. സ്ത്രീധനപീഡനകേസ്സുകൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 1961ലെ സ്ത്രീധന നിരോധന നിയമം പര്യാപ്തമല്ലായെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് നിയമത്തിലെ അപാകതകൾ പരിശോധിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | വനിതകളുടെയും, കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ? | (സി) | വനിതകളുടെയും കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ, വനിത-ശിശുവികസന വകുപ്പും സാമൂഹ്യനീതി വകുപ്പും മുഖേന, സർക്കാർ സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി എല്ലാ ജില്ലാകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സമീപ കാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

സംസ്ഥാനത്തെ ഐ. സി. ഡി. എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender Relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കി. പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗീക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകി.

ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുവാനും സ്ത്രീധനത്തിനെതിരെ ബോധവത്ക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പൊലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വനിതാ-ശിശുവികസന വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ-ശിശുവികസന വകുപ്പ് മുഖേന ലഭ്യമാക്കി ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങൾ നേരിടാൻ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>വനിതാ സംരക്ഷണ ഓഫീസ്</u>

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽറ്റർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പ് വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ/ ഷെൽറ്റർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

2. <u>നിർഭയ</u>

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസി നടപ്പിലാക്കുന്നു. 18 ഷെൽറ്റർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്.

3. <u>കാതോർത്ത്</u>

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. kathorthuwcd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസെലിംഗ്, നിയമോപദേശം, പൊലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു.

4. രക്ഷാദൂത്

ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പുംസഹകരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത്. അതിക്രമത്തിനിരയായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ ഈ പദ്ധതി യിലൂടെ കഴിയും. അതിക്രമത്തിനിരയായ വനിതയോ അവരുടെ പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/ മിസ്ട്രസ്സിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീയ്ക്കോ/കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് "തപാൽ" എന്നെഴുതി നിക്ഷേപിക്കാവുന്നതാണ്. സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല.

5. <u>വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292</u>

പരാതികൾ മേൽ വാർട്ട്സാപ് നമ്പരിൽ അറിയിക്കാവുന്നതാണ്. വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ച്ചയ്ക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറുകൾക്കുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ്.

6. <u>181 മിത്ര ഹെൽപ്പ് ലൈൻ</u>

സ്ത്രീകൾക്ക് ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ച് പരാതിപ്പെടാം. കൗൺസിലിംഗ് സഹായം ലഭ്യമാണ്.

7. <u>വൺസ്റ്റോപ്പ് സെന്റർ</u>

ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. വൈദ്യ സഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമ സഹായം, ഷെൽട്ടർ എന്നീ സേവനങ്ങൾ ലഭ്യമാണ്.

ഇതു കൂടാതെ അതിക്രമത്തിനിരയായ സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ സ്വാധാർഗ്രഹ്, ഉജ്ജ്വല പദ്ധതികൾ വഴി നടപ്പിലാക്കുന്ന ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്.

സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ബാലനീതി നിയമത്തിലെ വ്യവസ്ഥ പ്രകാരം വകുപ്പിന് കീഴിൽ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാതലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പാരന്റിംഗ് ക്യാമ്പയിന്റെ ഭാഗമായി ഹ്രസ്വചിത്രം, ഡോക്യുമെന്ററി, പോസ്റ്ററുകൾ, സെമിനാറുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.
- പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന രക്ഷിതാക്കൾക്കും കുട്ടികൾക്കും വിദഗ്ദ്ധ സഹായം നല്കുന്നതിനായി ബ്ലോക്ക്തലത്തിൽ പാരന്റിംഗ് ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- GO(MS) No. 68/12/SJD Dated: 09-11-2012 and GO(Rt) No. 44/2017/SJD Dated: 03-07-2017. ഉത്തരവുകൾ പ്രകാരം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ വില്ലേജ്, പഞ്ചായത്ത്, ബ്ലോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റിതലത്തിൽ രൂപീകരിക്കുകയും ടി കമ്മിറ്റികൾ ശാക്തീകരിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾക്കും വകുപ്പിലെ ജീവനക്കാർക്കും പരിശീലനം നല്കിയിട്ടുണ്ട്.
- കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ദ്ധ പരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്.
- കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി ബാലസുരക്ഷാ പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്. ആയതു പ്രകാരം പൊതുജനങ്ങൾക്കും ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തിരം ബോധവൽക്കരണം നല്കിയിട്ടുണ്ട്.

- ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യ വാഹകരെ ഉൾപ്പെടുത്തി ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി 25-03-2019ലെ സർക്കാർ ഉത്തരവ് നമ്പർ 169/2019/SJD പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- കുട്ടികളുടെ വൈകാരിക - മാനസിക - സാമൂഹിക - പഠന പ്രശ്നങ്ങൾ ശാസ്ത്രീയമായ രീതിയിൽ മുൻകൂട്ടി കണ്ടെത്തി കുട്ടികൾക്കാവശ്യമായ ജീവിത നൈപുണി വിദ്യഭ്യാസം നൽകുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ ഔവർ റെസ്പോൺസബിലിറ്റി റ്റു ചിൽഡ്രൻ (ഓ ആർ സി) പദ്ധതി നടപ്പിലാക്കി വരുന്നു. ഓ ആർ സി പദ്ധതിയിലൂടെ രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനും ഇടപെടലുകൾ നടക്കുന്നതിനാവശ്യമായ പരിശീലനങ്ങളും നൽകിവരുന്നു.
- സമൂഹത്തിൽ അതിതീവ്രമായ പ്രശ്നങ്ങൾ നേരിടുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ശാരീരിക-മാനസിക-സാമൂഹിക പരിരക്ഷയും പരിചരണവും നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഒരു നൂതന പദ്ധതിയാണ് കാവൽ പ്ലസ് (കമ്മ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ ആന്റ് റീ-ഇന്റിഗ്രേഷൻ ഓഫ് ചിൽഡ്രൻ ഇൻ നീഡ് ഓഫ് കെയർ ആന്റ് പ്രൊട്ടക്ഷൻ ത്രൂ സൈക്കോ സോഷ്യൽ അപ്രോച്ച് എന്ന പദ്ധതി. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വിഷമകരമായ സാഹചര്യങ്ങളിലേയ്ക്ക് എത്തിപ്പെടാൻ സാദ്ധ്യതയുള്ള കുട്ടികളെ നേരത്തേ കണ്ടെത്തി സംരക്ഷിക്കുകയും ഗുരുതരമായ അപകടങ്ങൾ (ലൈംഗികാതിക്രമം, ശാരീരിക മർദ്ദനം, തുടങ്ങിയവ) നേരിടുന്നതിൽ നിന്നും അവരെ സംരക്ഷിക്കാൻ സാധിക്കുന്നു.
- നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികൾക്ക് മാനസിക-സാമൂഹിക സംരക്ഷണം നല്കി നിയമത്തെ വെല്ലുവിളിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ സമൂഹത്തിൽ തന്നെ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് കാവൽ. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ബാലനീതി ബോർഡ് മുമ്പാകെ എത്തുന്ന കുട്ടികൾ ഭാവിയിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കോടതികളിൽ

എത്തുന്നത് കുറയ്ക്കുകയും ഈ കുട്ടികളും കുടുംബാംഗങ്ങളും സാമൂഹികപരമായ ആരോഗ്യ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുന്നു.

- കൂടാതെ പോക്സോ ആക്റ്റ് പ്രകാരം കാര്യക്ഷമമായ ഇടപെടലുകളും നടപ്പിലാക്കി വരുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് അറിയിക്കുന്നതിനും തടയുന്നതിനുമായി 1098 എന്ന ചൈൽഡ് ലൈൻ ഹെൽപ്പ് നമ്പർ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്.

മുതിർന്ന പൗരൻമാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

**വൃദ്ധമന്ദിരങ്ങൾ**

സംരക്ഷിക്കാൻ ആരുമില്ലാത്ത വയോജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 2 വീതവും മറ്റ് ജില്ലകളിൽ ഒന്നു വീതവും സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 612 വൃദ്ധമന്ദിരങ്ങളിൽ 132 വൃദ്ധമന്ദിരങ്ങൾക്ക് സർക്കാർ ഗ്രാൻറ് അനുവദിക്കുന്നുണ്ട്.

**മെയിന്റനൻസ് ട്രൈബ്യൂണലുകൾ**

മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെ യും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം-2007 ഉം അനുബന്ധ ചട്ടങ്ങളും വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പു വരുത്തുന്നു. നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ജില്ലാ കളക്ടർമാർക്കും 27 ആർ ഡി ഓ മാർക്കും 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രിബ്യൂണലുകളിലും ആർ ഡി ഒ മാരെ സഹായിക്കുന്നതിനു ടെക്നിക്കൽ അസിസ്റ്റന്റുമാരെയും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്ററെയും നിയമിക്കുകയും ട്രൈബ്യൂണലുകൾ മുഖാന്തിരം വയോജനങ്ങൾ സമർപ്പിക്കുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തു വരുന്നു. കൂടാതെ ട്രിബ്യൂണലുകൾ മുഖാന്തിരം അദാലത്തുകൾ, മെഡിക്കൽ ക്യാമ്പുകൾ, വയോജന സംരക്ഷണം സംബന്ധിച്ച ബോധവത്ക്കരണം തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.